പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1855 — 21.1.2014 ൽ മറുപടിയ്ക്ക്

## അംഗപരിമിതർക്ക വേണ്ടി ദേശീയ നിയമം നടപ്പിലാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.എ.വാഹിദ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) അംഗപരിമിതർക്കായുള്ള ദേശീയ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br>(ബി) ഇതിനായി കർമ്മപദ്ധതികൾക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;<br>(സി) അവസര സമത്വവും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;<br>(ഡി)ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (എ), (ബി, (സി) & (ഡി)<br>1995 ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് ലെ 73-ാം വകുപ്പ് (1) ഉം (2) ഉം ഉപവകുപ്പുകളാൽ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാനത്ത് 2000 ലെ Persons with Disabilities Kerala Rules ന് രൂപം നൽകിയിട്ടുണ്ട്.<br>ഈ ചട്ടങ്ങൾ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഡോക്ടർമാർ/ ബോർഡുകൾ മുഖേന മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകുകയും ഇതിൽ പരാതിയെന്തെങ്കിലും ഉള്ളപക്ഷം അപ്പലേറ്റ് മെഡിക്കൽ ബോർഡിനെ സമീപിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു. ഇവയുടെ പ്രവർത്തനം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടന്നുവരികയാണ്.<br>സ.ഉ(പി) 40/03/SWD നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 23.3.2012 ലെ സ.ഉ(പി)നം.19/12/SWD വിജ്ഞാപന പ്രകാരം പുനഃരൂപീകൃതമായ കമ്മിറ്റി സർക്കാരിന്റെ വികലാംഗ നയരൂപീകരണത്തിന് സഹായം ചെയ്തുകൊണ്ടിരിക്കുകയുമാണ്. സെക്ഷൻ 19-പ്രകാരം സംസ്ഥാന ഏകോപന സമിതിരൂപീകരിച്ച് പ്രവർത്തനം നടന്നുവരികയാണ്. ടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 1:1:1 എന്ന ക്രമത്തിൽ കാഴ്ച വൈകല്യം, കേൾവി വൈകല്യം, അസ്ഥി വൈകല്യം എന്നീ വിഭാഗങ്ങൾക്ക് 3% സംവരണം പി.എസ്.സി നിയമനങ്ങളിൽ നൽകുന്നുണ്ട്. |

| | |
|---|---|
| | പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 25.9.2013 ലെ സ.ഉ(ആർ.റ്റി) നം.479/2013/സാ.നീ.വ നമ്പർ ഉത്തരവു പ്രകാരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള ചുമതല ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജ് ആന്റ് അതർ ചാരിറ്റബിൾ ഹോംസിന്റെ ചെയർമാന് നൽകിയിട്ടുണ്ട്.<br>കൂടാതെ സംസ്ഥാനത്ത് സംസ്ഥാന വികലാംഗ കമ്മീഷണറെ നിയമിച്ച് പ്രവർത്തനം നടന്നുവരികയാണ്.<br>ഇത്തരത്തിൽ സംസ്ഥാനത്ത് 1995 ലെ വികലാംഗ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ